**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 237** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ ലാബുകൾ സ്ഥാപിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് ഏറെ ആശങ്കകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുവാൻ ആവശ്യമായ ഭക്ഷ്യസുരക്ഷാ ലാബുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് അനലിറ്റിക്കൽ ലാബുകളും, പത്തനംതിട്ട ജില്ലയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും നിലവിലുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ ഒരു പുതിയ റീജിയണൽ അനലിറ്റിക്കൽ ലാബ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങുകയും ലാബിന്റെ പ്രവർത്തനം താൽക്കാലിക കെട്ടിടത്തിൽ ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം എല്ലാ ജില്ലകളിലും സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | പതിമൂന്നാം കേരള നിയമസഭ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി സമർപ്പിച്ച പതിനൊന്നാമത് റിപ്പോർട്ടിൽ ഓരോ ജില്ലയിലും അക്രഡിറ്റഡ് ഫുഡ് അനലിറ്റിക്കൽ ലാബുകൾ സജ്ജമാക്കണമെന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ലാബുകൾ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ നിലവിലുണ്ട്. |
| (സി) | മലപ്പുറം ജില്ലയിൽ ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുവാൻ ആവശ്യമായ ഭക്ഷ്യസുരക്ഷാ ലാബ് സ്ഥാപിക്കുവാൻ മലപ്പുറം ജില്ലാ പഞ്ചായത്ത് സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | മലപ്പുറം ജില്ലയിൽ ഭക്ഷ്യ വസ്തുക്കൾ പരിശോധിയ്ക്കുന്നതിന് ആവശ്യമായ ഭക്ഷ്യസുരക്ഷാ ലാബുകൾ സ്ഥാപിക്കുന്നത് നിലവിൽ സർക്കാറിന്റെ പരിഗണനയിലില്ല. |
| (ഡി) | മലപ്പുറം നിയോജക മണ്ഡലത്തിലെ ആനക്കയം പഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് സ്ഥലവും കെട്ടിടവും ലഭ്യമാക്കാമെന്നറിയിച്ചിട്ടും ലാബിന് അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എത്രയും വേഗം ആവശ്യമായ ജീവനക്കാരെ നിയമിച്ച് ലാബിന്റെ പ്രവർത്തനം ആരംഭിക്കുമോ? | (ഡി) | മലപ്പുറം ജില്ലയിൽ ഭക്ഷ്യ വസ്തുക്കൾ പരിശോധിയ്ക്കുന്നതിന് ആവശ്യമായ ഭക്ഷ്യസുരക്ഷാ ലാബുകൾ സ്ഥാപിക്കുന്നത് നിലവിൽ സർക്കാറിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ